# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ .3995

27.06.2012.ൽ മറുപടിയ്ക്ക്

## ജലശ്രീ ക്ലബുകൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. എം.എ.വാഹീദ് | ശ്രീ. പി .ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് ജലശ്രീ ക്ലബുകൾ തുടങ്ങാനുദ്ദേശിക്കുന്നുവോ; | എ) **കമ്മ്യൂണിക്കേഷൻ & കപ്പാസിറ്റി ഡവലപ്പ് മെന്റ് യൂണിറ്റിന്റെ കീഴിൽ:-** സംസ്ഥാനത്ത് ജലശ്രീ ക്ലബുകൾ തുടങ്ങാനുദ്ദേശിക്കുന്നുണ്ട്. |
| ബി) ഇവയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; | ബി) താഴെപറയുന്ന ഉദ്ദേശ ലക്ഷ്യങ്ങൾ ആണ് ജലശ്രീ ക്ലബിന്റെ ഭാഗമായി വിഭാവനം ചെയ്തിരിക്കുന്നത്.<br>1) സംസ്ഥാനത്ത് സ്കൂൾ കോളേജ് വിദ്യാർത്ഥികളിൽ ജലത്തിന്റെ വിനിയോഗം, സംരക്ഷണം, സംഭരണം എന്നിവയെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുക.<br>2) വിദ്യാർത്ഥികളിലൂടെ സമൂഹത്തിന് ജലസംരക്ഷണ ആവശ്യകതയും പ്രസക്തിയും പ്രചരിപ്പിക്കുക.<br>3) ഘട്ടംഘട്ടമായി സ്കൂൾ കോളേജ് കാമ്പസുകൾ ജലപരിസ്ഥിതി സൗഹൃത കാമ്പസുകളായി മാറ്റുക.<br>4) ഇതിന്റെ ഭാഗമായി കലാലയങ്ങളിൽ ജലസമൃദ്ധിയും ജല ശുദ്ധിയും ഉറപ്പാക്കുക. മഴവെള്ള സംഭരണം, ഭൂജല പരിപോഷണം, ജല ഗുണനിലവാര പരിശോധന എന്നിവ നടപ്പാക്കും. |
| സി) ജലസംരക്ഷണം, സംഭരണം, ജലപദ്ധതി പ്രവർത്തനങ്ങൾ എന്നിവ വ്യാപിപ്പിക്കുന്നതിന് | ജലശ്രീ പദ്ധതിയുടെ താഴെപറയുന്ന പ്രവർത്തനങ്ങളാണ് വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നത്. |

എന്തെല്ലാം കാര്യങ്ങളാണ് ജലശ്രീ ക്ലബുകൾ വഴി നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

1) സ്കൂൾ കോളേജ് വിദ്യാർത്ഥികളിൽ ജല അവബോധം സൃഷ്ടിക്കുവാനുള്ള ജലശ്രീ ക്ലബുകൾ രൂപീകരിക്കുക.
2) കാമ്പസുകളെ ജലപരിസ്ഥിതി സൗഹൃദ കലാലയങ്ങളാക്കി മാറ്റുക.
3) ശുദ്ധജല ക്ഷാമമുള്ള വിദ്യാലയങ്ങളിൽ അവ ഉറപ്പാക്കുക.
4)ജലമലിനീകരണം ഒഴിവാക്കി ജലശുദ്ധിക്കാവശ്യമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
5) സ്കൂളുകളിൽ മഴവെള്ള സംഭരണികളുടെ നിർമ്മാണം
6) കുട്ടികളുടെ സഹായത്താൽ പരിശീലനം നൽകി കലാലയങ്ങളിലെയും സമീപ പ്രദേശങ്ങളിലേയും ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കുക.
7) കുട്ടികളുടെ നേതൃത്വത്തിൽ സർവ്വേകൾ, പഠനയാത്രകൾ, ശില്പശാലകൾ, ജല പ്രതിജ്ഞാദിനാഘോഷ ആചരണം, ക്വിസ്സ് മത്സരം എന്നിവ സംഘടിപ്പിക്കുക.

മാതൃകാ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്ന കലാലയങ്ങൾക്കും വിദ്യാർത്ഥികൾക്കും അവാർഡ് നൽകുക.

സെക്ഷൻ ഓഫീസർ